**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**


**തീയതി 05.05.2023**

## "കൈക്കൂലി കേസിൽ മുൻ പഞ്ചായത്ത് സെക്രട്ടറിയെ വിജിലൻസ് കോടതി കഠിനതടവിന് ശിക്ഷിച്ചു".

ഇടുക്കി ജില്ലയിലെ, വട്ടവട ഗ്രാമപഞ്ചായത്തിൽ 2012 ൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന സി.ആർ.ഷാജിയെ കൈക്കൂലി വാങ്ങിയ കേസിൽ കുറ്റക്കാരനാണ് കണ്ടെത്തി മൂവാറ്റുപുഴ വിജിലൻസ് കോടതി ഒന്നരവർഷം കഠിന തടവിനും 55,000/- രൂപ പിഴ കൊടുക്കുന്നതിനും ശിക്ഷിച്ചു.

2012 ൽ ഇടുക്കി ജില്ലയിൽ വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന സി.ആർ ഷാജി, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷ സമർപ്പിച്ച കെട്ടിട ഉടമയിൽ നിന്നും 5,000/- രൂപ കൈക്കൂലി വാങ്ങവെ ഇടുക്കി വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. പി.ടി. കൃഷ്ണൻകുട്ടി യുടെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കയ്യോടെ പിടികൂടിയതിലേക്ക് രജിസ്റ്റർ ചെയ്ത കേസിലാണ് പ്രതിയായ സി.ആർ ഷാജി കുറ്റക്കാരനാണെന്ന് മൂവാറ്റുപുഴ വിജിലൻസ് കോടതി ഒന്നരവർഷം കഠിന തടവിനും 55,000/- രൂപ പിഴ കൊടുക്കുന്നതിനും ശിക്ഷിച്ചത്.

ഇടുക്കി മുൻ വിജിലൻസ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. പി.ടി. കൃഷ്ണൻകുട്ടി രജിസ്റ്റർ ചെയ്ത കേസ് ഇടുക്കി മുൻ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. രതീഷ് കൃഷ്ണൻ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസിലാണ് കോടതി ഇന്ന് (05.05.2023) ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രാജ് മോഹൻ ആർ. പിള്ള, ശ്രീമതി. ഉഷാകുമാരി കെ. എന്നിവർ ഹാജരായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.